# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

*(Under the Holy Apostolic See of Antioch and All the East)*

**Circular to All Sunday Schools and Co-workers**
**Website : www.mjssa.in**
**Email : mjssahq@gmail.com**

**M.J.S.S.A. HEAD QUARTERS,**
Puthencruz P.O. Ernakulam Dist.,
Kerala state, Pin.- 682 308,
Phone : 0484 -2730150, 8078157150

ER/308/07

**No. M/C/008/ 2019** **Date: 10-09-2019**

**കർത്താവിൽ പ്രിയ സഹപ്രവർത്തകരെ,**

**2019 ലെ വാർഷിക പരീക്ഷയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.**

| തീയതി | സമയം | ക്ലാസ്സ് | പാഠഭാഗങ്ങൾ |
|---|---|---|---|
| 24–11–19 | 1 pm to 3.30 pm | 1,2,3,4,5,6,7,8,9,Plus I | മുഴുവൻ പാഠഭാഗങ്ങൾ |
| 01–12–19 | 1 pm to 3.30 pm | JSSLC, Plus II | മുഴുവൻ പാഠഭാഗങ്ങൾ |

1. ഒന്നാം ക്ലാസ്സു മുതൽ നാലാം ക്ലാസ്സ് വരെ പുതിയ പാഠപുസ്തകങ്ങൾ ക്രമീകരിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
   a. 1,2,3 എന്നീ ക്ലാസ്സുകളിൽ ചോദ്യപേപ്പറിൽ 45 മാർക്കിന്റെ ചോദ്യം ഉണ്ടായിരിക്കുന്നതും അതിൽ പാഠഭാഗങ്ങളിലെ കളറിംഗ്, ലഘുപ്രസംഗം തുടങ്ങിയവ ഉണ്ടാകാവുന്നതുമാണ്.
   b. 5 മാർക്ക് ഓരോ വിദ്യാർത്ഥിയുടേയും പാഠപുസ്തകത്തിലെ ഒരു വർഷത്തെ പ്രവർത്തനങ്ങൾ (അതായതു കളറിംഗ്, പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന മറ്റ് പ്രസംഗം, കഥ പറയൽ തുടങ്ങിയവ എല്ലാം) അടിസ്ഥാനമാക്കി അതാതു ക്ലാസ്സ് അദ്ധ്യാപകൻ നൽകേണ്ടതും ആയത് ഹെഡ്മാസ്റ്ററോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റൊരു അദ്ധ്യാപകനോ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. ഈ കാര്യം നവംബർ മാസം 10–ാം തിയതിക്ക് മുമ്പായി പൂർത്തിയാക്കേണ്ടതാണ്. കുട്ടിക്കു മാർക്ക് നൽകുമ്പോൾ മൊത്തം മാർക്ക് (45+5) 50 ൽ കിട്ടിയ മാർക്കാണ് നൽകേണ്ടത്.
   c. 4–ാം ക്ലാസ്സിൽ ചോദ്യപേപ്പറിൽ 45 മാർക്കിന്റെ ചോദ്യങ്ങൾ ഉണ്ടാകുന്നതും 5 മാർക്ക് സഭാചരിത്രത്തിലെ പ്രൊജക്റ്റ് ചെയ്യാനുള്ളത് കൃത്യമായി വിലയിരുത്തി 5 മാർക്കോ അതിനർഹതയുള്ളതോ നൽകി 45+5=50 എന്ന വിധത്തിൽ മാർക്ക് നൽകേണ്ടതാണ്. പ്രൊജക്റ്റ് നവംബർ 10 ന് മുൻപ് വിലയിരുത്തേണ്ടതാണ്.

**സുറിയാനി ചോദ്യങ്ങൾ** } 5 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുവാനുള്ള സുറിയാനി പാഠഭാഗങ്ങളിൽ നിന്നും, **JSSLC** യ്ക്ക് 8, 9 ക്ലാസ്സുകളിലെ പാഠഭാഗത്തു നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

2. **ചോദ്യക്കടലാസ്, ഹാൾടിക്കറ്റ് വിതരണം**

   *സ്ഥലം : എം.ജെ.എസ്.എസ്.എ. കേന്ദ്രഓഫീസ്, പുത്തൻകുരിശ്*

   *തീയതി : 2019 നവംബർ 9–ാം തീയതി ശനിയാഴ്ച 10 മണി മുതൽ 3 മണി വരെ.*

   1. ജൂലൈ 31ന് ശേഷമുള്ള രജിസ്ട്രേഷനുകൾ ഹെഡ്മാസ്റ്റർമാരുടെ തക്കതായ വിശദീകരണ കത്തിന്റെ അടിസ്ഥാനത്തിലും ഇൻസ്പെക്ടറുടെ അറിവോടെയും ലഭിക്കുന്ന മുറക്ക് കുട്ടിയൊന്നിന് 100 രൂപ ഫൈനോട് കൂടി സെപ്റ്റംബർ 30 വരെയും കുട്ടിയൊന്നിന് 200 രൂപ ഫൈനോട് കൂടി ഒക്ടോബർ 31 വരെയും മതിയായ കാരണമുണ്ടെങ്കിൽ കുട്ടിയൊന്നിന് 500/ രൂപ ഫൈനോട് കൂടി നവംബർ മാസത്തിലും പരീക്ഷാ ബോർഡിന് ചെയ്ത് കൊടുക്കാവുന്നതാണ്. പ്ലസ് വൺ, പ്ലസ് ടൂ ക്ലാസ്സുകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നിബന്ധനകൾക്ക് വിധേയമായി നടത്താവുന്നതാണ്.
   2. ഇൻസ്പെക്ടറോ, രേഖാമൂലം ചുമതലപ്പെടുത്തപ്പെട്ട ഡിസ്ട്രിക്ട് ഭാരവാഹിയോ (ഒഴിവാക്കാനാവാത്ത സാഹചര്യത്തിൽ) ചോദ്യക്കടലാസുകളും, ഹാൾടിക്കറ്റും മേൽകാണിച്ചിട്ടുള്ള തീയതികളിൽ ഏറ്റുവാങ്ങി, ഇൻസ്പെക്ടറുടെ ഉത്തരവാദിത്വത്തിൽ വിതരണം നടത്തേണ്ടതാണ്.
   3. ഇൻസ്പെക്ടർമാർ മുൻകൂട്ടി അറിയിക്കുന്ന സമയത്തും സ്ഥലത്തും ഹെഡ്മാസ്റ്റർമാർ ചെന്ന് ചോദ്യക്കടലാസ് പാക്കറ്റുകൾ ഏറ്റുവാങ്ങണം.
   4. എല്ലാ സൺഡേസ്കൂളിലേക്കും സൂപ്പർവൈസർമാരെ ഇൻസ്പെക്ടർ നിയമിക്കുകയും പേരു വിവരം ഡയറക്ടറെ അറിയിക്കുകയും ചെയ്യേണ്ടതാണ്. **സൂപ്പർവൈസർമാർ പ്ലസ്സ് വണ്ണിലെ കുട്ടികളുടെ ഹാൾടിക്കറ്റ് പരിശോധിച്ച് ബോദ്ധ്യപ്പെട്ട ശേഷം എ ലിസ്റ്റിൽ കുട്ടികളെ കൊണ്ട് ഒപ്പ് ഇടുവിക്കേണ്ടതാണ്. സൂപ്പർ വൈസറും ലിസ്റ്റിൽ ഒപ്പിടേണ്ടതാണ്.**
   5. **അസ്സോസിയേഷനിൽ നിന്ന് വിതരണം ചെയ്യുന്ന ഹാൾടിക്കറ്റ് കൈവശം ഇല്ലാത്ത ഒരു കുട്ടിയേയും JSSLC, PlusI, Plus II ക്ലാസ്സുകളിലെ പരീക്ഷയ്ക്ക് ഇരുത്തുകയോ, പകരം കുട്ടികളെ ഇരുത്തുകയോ ചെയ്യാൻ പാടില്ലാത്തതാണ്. ഇതിന് വിരുദ്ധമായി ആരെങ്കിലും പരീക്ഷ എഴുതിയാൽ ആ പേപ്പറുകൾ മൂല്യനിർണ്ണയം നടത്തുന്നതല്ല. പരീക്ഷ സംബന്ധിച്ച് എല്ലാ കാര്യങ്ങളും മാനുവൽ അനുസരിച്ചും, സർക്കുലർ അനുസരിച്ചും മാത്രമെ നടത്തുവാൻ പാടുള്ളു എന്നു ബന്ധപ്പെട്ടവരെ ഓർമ്മപ്പെടുത്തുന്നു.**

3. **ഇംഗ്ലീഷ് ചോദ്യപേപ്പർ**

   1 മുതൽ 12 വരെ ക്ലാസ്സുകളിലെ ഇംഗ്ലീഷ് ചോദ്യക്കടലാസുകൾ ആവശ്യപ്പെട്ടിട്ടുള്ളവർക്ക് ചോദ്യക്കടലാസ് പാക്കറ്റിൽ തന്നെ ലഭിക്കുന്നതാണ്.

*(മറുപുറം)*

**4. പരീക്ഷാകേന്ദ്രങ്ങളും ചുമതലകളും**

1. **1 മുതൽ 9 വരെ ക്ലാസ്സുകളിലെയും Plus I ലേയും** പരീക്ഷകൾ ഹെഡ്മാസ്റ്ററുടെ ചുമതലയിൽ നടത്തപ്പെടേണ്ടതാണ്.
2. **JSSLC, Plus II** പരീക്ഷകൾ ഡിസ്ട്രിക്ടിലെ ഒരു നിശ്ചിത കേന്ദ്രത്തിൽ വച്ച് ഇൻസ്പെക്ടറുടെ മേൽനോട്ടത്തിൽ നടത്തപ്പെടണം. ഇൻസ്പെക്ടർ ചീഫ് സൂപ്രണ്ടു കൂടി ആയിരിക്കുന്നതാണ്. പരീക്ഷ നടക്കുന്ന ഓരോ കേന്ദ്രത്തിലേക്കും അഡീഷണൽ ചീഫ് സൂപ്രണ്ടിനെ ജനറൽ സെക്രട്ടറി നിയോഗിക്കുന്നതാണ്.
3. **പരീക്ഷ അവസാനിക്കുന്ന മുറയ്ക്ക് മാത്രമെ വിതരണത്തിന് ശേഷമുള്ള ചോദ്യപേപ്പറുകൾ പരീക്ഷാ ഹാളിന് വെളിയിൽ കൊണ്ടുപോകാവു.**
4. **10, 12 ക്ലാസ്സുകളിലെ പരീക്ഷയ്ക്ക് അഡീഷണൽ ഷീറ്റായി നിർബ്ബന്ധമായും വരയിടാത്ത A4 size പേപ്പർ മാത്രമെ ഉപയോഗിക്കാവു. അഡീഷണൽ ഷീറ്റിൽ എം.ജെ.എസ്.എസ്.എ. യുടെ emblem ഉള്ള സീൽ ഉണ്ടായിരിക്കേണ്ടതും, സീൽ എല്ലാ കേന്ദ്രങ്ങളിലേയ്ക്കും ചോദ്യപേപ്പറിനോടൊപ്പം നൽകുന്നതുമാണ്. ഉപയോഗം കഴിഞ്ഞ സീലും ബാക്കി വന്ന സീൽ ചെയ്ത പേപ്പറുകളും ഫേസിംങ്ങ് ഷീറ്റും പ്രത്യേകം കവറിലിട്ട് ഉത്തരക്കടലാസ് പാക്കറ്റിനോടൊപ്പം തിരികെ എം.ജെ.എസ്.എസ്.എ.യിൽ ഏൽപ്പിക്കേണ്ടതുമാണ്. ഉത്തരക്കടലാസുകൾ വെള്ളനൂല് മാത്രം ഉപയോഗിച്ച് കെട്ടേണ്ടതാണ്.**
5. **ഓരോ ഭദ്രാസനത്തിൽ നിന്നും (സോണിൽ നിന്നും) അഡീഷണൽ ചീഫ് സൂപ്രണ്ടുമാരായി പോകുവാൻ യോഗ്യരായ ഭാരവാഹികളുടെ പേരും ഫോൺനമ്പരും ഡയറക്ടർമാർ ഒകോടോബർ 10 നകം ജനറൽ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതാണ്.**

**5. വാർഷിക പിരിവ്**

വർഷാരംഭ സ്റ്റേറ്റുമെന്റ് അനുസരിച്ച് 1 മുതൽ **Plus II** വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടി ഒന്നിന് 5.00 രൂപാ ക്രമത്തിൽ ഹെഡ്മാസ്റ്റർമാർ വാർഷിക പിരിവ് ഇൻസ്പെക്ടറെ ഏൽപ്പിച്ചിട്ടുണ്ടല്ലോ. ഇൻസ്പെക്ടർമാർ കുട്ടി ഒന്നിന് 1.00 രൂപ വീതം ഡിസ്ട്രിക്ട് വിഹിതമായി കണക്കിൽ വരവ് വച്ച് എടുക്കേണ്ടതും ബാക്കി തുക 30-09-19 ന് മുമ്പ് കേന്ദ്രഓഫീസിൽ ഏൽപ്പിക്കേണ്ടതുമാണ്. **വാർഷിക പിരിവിന് മാത്രമെ ഡിസ്ട്രിക്റ്റ് വിഹിതമുള്ളു** എന്ന് ഓർമ്മപ്പെടുത്തുന്നു.

**6. മത്സരപരീക്ഷ**

1. 5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ ഉത്തരകടലാസ്സുകൾ ഡിസ്ട്രിക്ട് തലത്തിൽ കേന്ദ്രീകൃത മൂല്യനിർണ്ണയം നടത്തി **ഒന്നും രണ്ടും മൂന്നും** സ്ഥാനം ലഭിച്ചവരുടെ മാത്രം ഉത്തരകടലാസുകൾ 2019 ഡിസംബർ 20 നകം ഭദ്രാസന ഡയറക്ടർക്ക് ലിസ്റ്റ് സഹിതം അയച്ചു കൊടുക്കേണ്ടതാണ്.
2. ഭദ്രാസന ഡയറക്ടർമാർ ഭദ്രാസനത്തിൽ മൂല്യനിർണ്ണയം നടത്തി അതിൽ **ഒന്നും രണ്ടും** സ്ഥാനം ലഭിച്ചവരുടെ മാത്രം ഉത്തരക്കടലാസുകൾ ലിസ്റ്റു സഹിതം **2020 ജനുവരി 15 നകം** കേന്ദ്ര ഓഫീസിൽ നേരട്ട് എത്തിക്കുകയോ ജനറൽ സെക്രട്ടറിയുടെ പേർക്ക് രജിസ്റ്റേർഡ് ആയി തപാലിൽ അയച്ചു തരികയോ ചെയ്യണം. വൈകി എത്തുന്ന ഉത്തരക്കടലാസുകൾ പരിഗണിക്കുന്നതല്ല.

**7. Plus I, Plus II വാർഷിക പരീക്ഷ**

**JSSLC** യുടെ തുടർച്ചയായി **Plus I** ലും തുടർന്ന് **Plus II** ലും ചേരുന്നവരെ മാത്രമെ **Plus II** ന്റെ റാങ്കിനായി പരിഗണിക്കുകയുള്ളു. **Plus I** പാസ്സായവർ മാത്രമെ **Plus II** പരീക്ഷ എഴുതുവാൻ പാടുള്ളു.

**8. പ്രാർത്ഥന, ഗീതം, സുറിയാനി**

**JSSLC യുടെ പ്രാർത്ഥന, ഗീതങ്ങൾ, സുറിയാനി ലിപിയിൽ എഴുതുക എന്നിവ VIII, IX ക്ലാസ്സുകളിൽ നിന്നുള്ളതായിരിക്കും.** പ്ലസ് വണ്ണിന് പ്രഭാത പ്രാർത്ഥനയിൽ നിന്നുള്ള പ്രാർത്ഥനയും സ്ലീബാ നമസ്കാരത്തിൽ നിന്നുള്ള ഗീതവും പ്ലസ് ടൂവിന് പാതിരാത്രിയുടെ പ്രാർത്ഥനയിൽ നിന്നുള്ള പ്രാർത്ഥനയും ക്യംതാ നമസ്കാരത്തിൽ നിന്നുള്ള ഗീതവുമായിരിക്കും ചോദ്യങ്ങൾ.

**9. റീവാല്യുവേഷൻ**

**JSSLC, Plus II** ലെ പരീക്ഷാ പേപ്പർ റീവാല്യു ചെയ്യുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട ഹെഡ്മാസ്റ്റർമാർ വഴി വിശദവിവരങ്ങൾ സഹിതം 100 രൂപാ ഫീസ് അടച്ച് ജനറൽ സെക്രട്ടറിക്ക് **2020 ഫെബ്രുവരി 28-ാം** തീയതിക്കകം ലഭിച്ചിരിക്കേണ്ടതാണ്. പുനഃപരിശോധനയിൽ കൂടുതൽ മാർക്ക് ലഭിച്ചാൽ കൂടിയ മാർക്കും കുറഞ്ഞ് പോയാൽ നിലവിലുണ്ടായിരുന്ന മാർക്കും യഥാർത്ഥ മാർക്കായി കണക്കാക്കുന്നതാണ്. പുനഃപരിശോധനയിൽ നിലവിലുള്ള മാർക്കിനേക്കാൾ 10 ശതമാനമോ അതിൽ കൂടുതലോ മാർക്ക് ലഭിച്ചാൽ പുനഃപരിശോധന ഫീസ് തിരികെ നൽകുന്നതാണ്. പരീക്ഷ പേപ്പർ നേരിട്ട് കണ്ട് ബോദ്ധ്യപ്പെടുന്നതിന് അതാതു വർഷം മാർച്ച് 31 നു മുമ്പ് 200 രൂപ ഫീസ് അടച്ച് ഹെഡ്മാസ്റ്റർ, ഇൻസ്പെക്ടർ വഴി വിദ്യാർത്ഥി/ മാതാപിതാക്കൾ അപേക്ഷ നൽകേണ്ടതാണ്. ബന്ധപ്പെട്ട ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടറുടെ സാന്നിദ്ധ്യത്തിൽ ടി ഹെഡ്മാസ്റ്റർക്ക് / അദ്ധ്യാപകന് പരീക്ഷാ പേപ്പർ കണ്ട് ബോദ്ധ്യപ്പെടാവുന്നതാണ്. V മുതൽ IX വരെ ക്ലാസുകളിൽ അഖില മലങ്കര തലത്തിൽ മൂല്യനിർണ്ണയം നടത്തിയ പേപ്പറുകൾ സംബന്ധിച്ചും ടി നിബന്ധന ബാധകമായിരിക്കുന്നതാണ്. പരീക്ഷയെ സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും കൃത്യമായും ചിട്ടയായും ആത്മാർത്ഥതയോടെയും നിർവ്വഹിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**10. ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് / തിരുത്തലുകൾ**

**JSSLC, Plus II** സർട്ടിഫിക്കറ്റുകളിൽ തിരുത്തലുകൾ വരുത്തുന്നതിന്; ബന്ധപ്പെട്ട വിദ്യാർത്ഥിയുടെ വിശദ വിവരങ്ങൾ അടങ്ങിയ അപേക്ഷ ഹെഡ്മാസ്റ്ററുടെ ഒപ്പും ഡി. ഇൻസ്പെക്ടറുടെ ശുപാർശയും ആവശ്യമായ രേഖകളും സഹിതം (ഉദാ. എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് കോപ്പി) 100 രൂപ ഫീസ് അടച്ച് കേന്ദ്ര ഓഫീസിൽ നൽകേണ്ടതാണ്. എം.ജെ. എസ്.എസ്.എ.യിലെ പിശക് മുലം സർട്ടിഫിക്കറ്റിൽ തെറ്റുകൾ വന്നിട്ടുണ്ട് എങ്കിൽ ഫീസ് നൽകേണ്ടതില്ല.

എന്ന്

കർത്താവിൽ എളിയ ശുശ്രൂഷകർ


**ഷെവ. എം. ജെ. മർക്കോസ്**
**ജനറൽ സെക്രട്ടറി**
**9745046911,8073580719**

**എം.കെ.വർഗ്ഗീസ്**
**കൺട്രോളർ**
**9447578403**